III. സബ്മിഷൻ

(1) മലബാർ പ്രദേശത്തെ മുവാരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ പുന:സ്ഥാപിക്കുന്നത് സംബന്ധിച്ച്

ശ്രീമതി പി.കെ.ശ്രീമതി ടീച്ചർ : സാമൂഹികമായും സാമ്പത്തികമായും വളരെയേറെ അവശത അനുഭവിക്കുന്ന കണ്ണൂർ കാസർകോട് ജില്ലകളിലെ ഒരു പ്രബല സമുദായമായ മുഖാരി/മുവാരി സമുദായത്തിന്റെ ഒരു പ്രശ്നമാണ് ഈ സബ്മിഷനിലൂടെ ഞാൻ അവതരിപ്പിക്കുന്നത്. വളരെയേറെ വിഷമം അനുഭവിക്കുന്ന ഈ സമുദായത്തിൽപ്പെട്ടവർക്ക് കഴിഞ്ഞ കുറെ നാളുകളായി വിദ്യാഭ്യാസ ആനുകൂല്യങ്ങളോ ഉദ്യോഗ സംവരണമോ ലഭിക്കുന്നില്ല. എന്നാൽ ഇവരേക്കാൾ കുറേക്കൂടി സാമ്പത്തികമായും സാമൂഹികമായും ഉയർന്ന സമുദായങ്ങൾക്ക് ഈ ആനുകൂല്യങ്ങൾ ലഭിക്കുകയും ചെയ്യുന്നുണ്ട്. അതു മാത്രമല്ല സെൻട്രൽ ഗവൺമെന്റ് 1993 സെപ്തംബർ മാസം ഇറക്കിയ ഒരു ഗസറ്റ് വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ മുഖാരി/മുവാരി സമുദായത്തിന് ഈ ആനുകൂല്യങ്ങൾ ബാധകമാണ്. അതിന്റെ ഒരു കോപ്പി ഇവിടെയുണ്ട്. കേരളത്തിലെ പൗരൻ ഇന്ത്യൻ പൗരനാണല്ലോ? ആ അടിസ്ഥാനത്തിൽ മുഖാരി/മുവാരി സമുദായത്തിന് 80-ാം നമ്പർ ഗസറ്റ് വിജ്ഞാപനം അനുസരിച്ച് ഈ ആനുകൂല്യങ്ങൾ ബാധകമാണെങ്കിൽ തീർച്ചയായും കേരളത്തിൽ മറ്റേതെങ്കിലും വിധത്തിൽ ആരുടെയെങ്കിലും ഉത്തരവനുസരിച്ച് തടസ്സമായി നില്ക്കുന്നു എങ്കിൽ ആ തടസ്സം മാറ്റി കാസർകോട്-കണ്ണൂർ ജില്ലകളിലെ മുവാരി സമുദായത്തിന് വിദ്യാഭ്യാസ ആനുകൂല്യങ്ങളും അതുപോലെ ഉദ്യോഗത്തിനുള്ള സംവരണവും കൊടുക്കുന്നതിനും ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പിന്നോക്ക-പട്ടിക-സമുദായക്ഷേമ വകുപ്പു മന്ത്രി (ഡോ. എം. എ. കുട്ടപ്പൻ): സർ, കാസർകോട്-കണ്ണൂർ ജില്ലകളിൽ കാണുന്ന സമുദായമാണ് മുഖാരി അഥവാ മുവാരി എന്ന സമുദായം. ആ സമുദായത്തിന് പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി ജോലി കിട്ടണം. അതിന് ആവശ്യമായി ഒ.ബി.സി. ലിസ്റ്റിൽപ്പെടുത്തണമെന്നാണ് അവരുടെ മുഖ്യമായ ആവശ്യം. ഈ സമുദായത്തെ ഗവൺമെന്റ് ഒ.ബി.സി. ലിസ്റ്റിൽനിന്ന് പുറത്താക്കിയിട്ടില്ല. എന്തുകൊണ്ടെന്നാൽ കേരളത്തിന്റെ ഒ.ബി.സി. ലിസ്റ്റിൽ ഈ സമുദായം ഉണ്ടായിരുന്നില്ല. 1993-ൽ മുവാരി/മുഖാരി സമുദായത്തിന്റെ സംഘടനാ നേതാക്കൾ ഹോസ്ദുർഗ് എം.എൽ.എ. ആയിരുന്ന എം. നാരായണൻ വഴി മുഖ്യമന്ത്രിക്ക് നിവേദനം നല്കുകയുണ്ടായി. ഈ വിഷയം ഗവൺമെന്റ് പരിശോധിച്ചു. വിശദമായി പഠിക്കുവാൻ വേണ്ടി പിന്നോക്ക സമുദായ കമ്മീഷനെ ഏല്പിച്ചു. ആ കമ്മീഷൻ ആകട്ടെ നരവംശ പഠന ഗവേഷണ സ്ഥാപനമായ കിർത്താഡ്സിനെ കൊണ്ട് വിശദമായ പഠനം നടത്തുകയുണ്ടായി. കിർത്താഡ്സ് കൊടുത്ത ശുപാർശയുടെ അടിസ്ഥാനത്തിൽ, പിന്നോക്ക സമുദായ കമ്മീഷൻ പറഞ്ഞത് ഭരണഘടനയുടെ അനുച്ഛേദം 16 (4)-ൽ പറയുന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യമായ പിന്നോക്കാവസ്ഥ ഈ സമുദായത്തിന് ഇല്ല എന്നാണ്. ഒ.ബി.സി. ലിസ്റ്റിൽപ്പെടുത്തേണ്ടതില്ലെന്ന് ഗവൺമെന്റിനോട് ശുപാർശ ചെയ്യുകയുണ്ടായി. എന്നാൽ വിദ്യാഭ്യാസ അവകാശങ്ങൾക്കു വേണ്ടി ഈ സമുദായത്തെ എസ്.ഇ.ബി.സി.യിൽ (Socially and Educationally Backward Community) ഉൾപ്പെടുത്തിയിട്ടുണ്ട്. പിന്നോക്ക സമുദായ കമ്മീഷൻ, ഭരണഘടനയുടെ 16 (4)-ൽ പറയുന്ന സാമൂഹ്യ പിന്നോക്കാവസ്ഥ ഇല്ലാത്തതുകൊണ്ട് ഇവരെ ഒ.ബി.സി. ലിസ്റ്റിൽപ്പെടുത്തേണ്ടതില്ല എന്ന് സംസ്ഥാന ഗവൺമെന്റിനോട് ശുപാർശ ചെയ്തു. ശുപാർശയുടെ അടിസ്ഥാനത്തിൽ 2003 ജനുവരിയിൽ ചേർന്ന കാബിനറ്റ് പിന്നോക്ക സമുദായ കമ്മീഷന്റെ ശുപാർശ അംഗീകരിച്ചുകൊണ്ട് ഇവരെ ഒ.ബി.സി.-യിൽ ഉൾപ്പെടുത്തേണ്ടതില്ലെന്ന തീരുമാനം എടുത്തിട്ടുണ്ട്. ആ കാബിനറ്റ് തീരുമാന പ്രകാരം ഒ.ബി.സി.-യിൽ ഉൾപ്പെടുത്താൻ പാടില്ല എന്നു പറഞ്ഞ് സംസ്ഥാന ഗവൺമെന്റ് 2003 ഫെബ്രുവരിയിൽ ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഇതിന്റെ അർത്ഥം, ഇവർ നേരത്തേ ഒ.ബി.സി.യിൽ ഉണ്ടായിരുന്നു എന്നല്ല. ഒ.ബി.സി.-യിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം നിരാകരിക്കുകയാണുണ്ടായത്. ഒ.ബി.സി.-യിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ഉന്നയിച്ചിരുന്നു. അത് അംഗീകരിച്ചില്ല എന്നതാണ് യാഥാർത്ഥ്യം. ഈ സമുദായത്തിന്റെ പേര് കേന്ദ്ര സർക്കാരിന്റെ ഒ.ബി.സി. ലിസ്റ്റിൽ എങ്ങനെ വന്നുവെന്നതിനെ സംബന്ധിച്ച് എന്റെ കയ്യിലുള്ള രേഖ മുഴുവൻ പരിശോധിച്ചു. എന്നാൽ ആ വഴിയിലൊന്നും സംസ്ഥാന ഗവൺമെന്റ് ശുപാർശ ചെയ്തതായിട്ട് കാണുന്നില്ല. എന്താണെന്ന് എനിക്കറിയില്ല; എന്തായാലും ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച സമിതിക്ക് ഇതു പരിശോധിക്കും. എന്റെ കയ്യിലുള്ള രേഖകളിൽ സംസ്ഥാന ഗവൺമെന്റ് ഈ സമുദായത്തെ ഒ.ബി.സി.-യിൽ ഉൾപ്പെടുത്തുവാൻ വേണ്ടി കേന്ദ്ര ഗവൺമെന്റിലേക്ക് ശുപാർശ ചെയ്യുന്ന ഒരു രേഖയും കാണുന്നില്ല. ഇപ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ ഒ.ബി.സി. ലിസ്റ്റിൽ ഈ സമുദായം ഇല്ല എന്നുള്ളതാണ് യാഥാർത്ഥ്യം.

(2) കോഴിക്കോട് കടൽത്തീരം സംരക്ഷിക്കാൻ പദ്ധതി

ശ്രീ. എ. സുജനപാൽ : ചരിത്ര പ്രസിദ്ധമായ കോഴിക്കോട് കടൽത്തീരം കഴിഞ്ഞ രണ്ടു വർഷങ്ങളായി നിരന്തരമായ കടലാക്രമണം മൂലം ഇല്ലാതായിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ്. കാരണം യാതൊരു വിധത്തിലുള്ള സംരക്ഷണ സംവിധാനവും ഇല്ലാത്തതുകൊണ്ട് കടൽത്തീരം ഇല്ലാതായി പോകുന്നു. സ്വാതന്ത്ര്യസമരകാലത്ത് ഗാന്ധിജിയെപ്പോലുള്ള ദേശീയ നേതാക്കന്മാർ, ജവാഹർലാൽ നെഹ്റുവിനെപ്പോലുള്ള ദേശീയ നേതാക്കന്മാർ, അവിടെ വന്ന് സ്വാതന്ത്ര്യ സമരത്തിന് ആവേശം പകർന്ന ആ കടൽത്തീരം ഇല്ലാതായിക്കൊണ്ടിരിക്കുന്ന അവസ്ഥ വിഭാവനം ചെയ്യാൻ പോലും പറ്റുന്നില്ല. അതുകൊണ്ട് അടിയന്തിരമായി ആ കടൽത്തീരം സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.